**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3376** **19.06.2019 ൽ മറുപടിയ്ക്ക്**

**ഓൾ ഇന്ത്യാ ടൂറിസ്റ്റ് ഓമ്നി ബസ്സുകൾ**

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന മോട്ടോർ വാഹന വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഓൾ ഇന്ത്യാ ടൂറിസ്റ്റ് ഓമ്നി ബസ്സുകൾ (എ.ഐ.ടി.ഒ.ബി.)സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ; | (എ) | LMV, MMV, HPMV ഇനങ്ങളിലായി 53 വാഹനങ്ങൾ പെർമിറ്റ് നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിനുള്ളിൽ പ്രസ്തുത ബസ്സുകൾ പ്രതിദിനം നടത്തിവരുന്ന സർവ്വീസുകൾ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ; | (ബി) | കൃത്യമായ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ല |
| (സി) | ഇതര സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള എ.ഐ.ടി.ഒ.ബി. അനുമതിയുള്ള വാഹനങ്ങൾ, സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾ നടത്തുമ്പോൾ സംസ്ഥാന ഗതാഗത വകുപ്പ് സ്വീകരിക്കുന്ന നടപടികൾ തൃപ്തികരമായി പൂർത്തീകരിക്കുന്നതിന് സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (സി) | ഇതര സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങൾ നിയമ ലംഘനം നടത്തുന്നത് തടയാൻ കർശന പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്ത് വരുന്നു. സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നതും അന്തർ സംസ്ഥാന ചരക്ക് കടത്തലും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട എ.ഐ.ടി.ഒ.ബി. വാഹനങ്ങളുടെ കാര്യത്തിൽ യഥാവിധി നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഗതാഗത വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | ഇക്കാര്യം മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**